# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3098 — 15.02.2013 ൽ - മറുപടിക്ക്

## ഭക്ഷ്യസുരക്ഷയും ഭക്ഷ്യക്കമ്മിയും സംബന്ധിച്ച വർക്കിംഗ് ഗ്രൂപ്പിന്റെ ശുപാർശകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. സി. ദിവാകരൻ<br>,, പി. തിലോത്തമൻ<br>,, ജി. എസ്. ജയലാൽ<br>,, കെ. രാജു | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) | അന്യസംസ്ഥാനങ്ങളിൽ നിന്നും ഭക്ഷ്യ വസ്തുക്കൾ കൊണ്ടുവരുന്നതിനുള്ള നിയന്ത്രണങ്ങൾ നീക്കി, നികുതിയിള വുകൾ അനുവദിക്കണമെന്ന് ആസൂത്രണ കമ്മീഷന്റെ ഭക്ഷ്യകമ്മിയും ഭക്ഷ്യസുരക്ഷയും സംബന്ധിച്ചുള്ള വർക്കിംഗ് ഗ്രൂപ്പിന്റെ ശുപാർശയുണ്ടായിട്ടുണ്ടോ ; | (എ) | ആസൂത്രണ കമ്മീഷന്റെ ഭക്ഷ്യ സുരക്ഷ സംബന്ധിച്ച വർക്കിംഗ് ഗ്രൂപ്പിന്റെ ശുപാർശ ഉണ്ടായിട്ടുണ്ട്. |
| (ബി) | എങ്കിൽ പന്ത്രണ്ടാം പദ്ധതിയിലെ പ്രസ്തുത വർക്കിംഗ് ഗ്രൂപ്പിന്റെ പ്രധാന ശുപാർശകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ? | (ബി) | 1. മറ്റു സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്കുള്ള ഭക്ഷ്യവസ്തുക്കളുടെ വരവിനുള്ള നിയന്ത്രണങ്ങൾ നീക്കണം. VAT നികുതി ഇളവുകൾ നൽകണം. ചെക്ക് പോസ്റ്റുകളിൽ പരിശോധനകൾ ഒഴിവാക്കണം.<br>2. മുട്ട, പാൽ, മാംസ്യ വിഭവങ്ങൾ എന്നിവ കൊണ്ടുവരുന്നതിനുള്ള ടാക്സ് ഒഴിവാക്കണം.<br>3. അന്യസംസ്ഥാനങ്ങളുമായുള്ള വ്യാപാരത്തിന് ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ നീക്കുകയോ പരമാവധി ഉദാരവൽകരിക്കുകയോ ചെയ്യണം എന്നും ആവശ്യപ്പെടുന്നു. |

സെക്ഷൻ ഓഫീസർ